**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ദേശീയ തെരുവ് കച്ചവട സംരക്ഷണ നിയമം 2014 സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച യോഗത്തിൽ ഹാജരാകുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് (തൊഴിലാളി പ്രതിനിധികൾക്ക്) ഗ്രൂപ്പ് II ഓഫീസർമാരുടെ യാത്രാപടിയും ബത്തയും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1759/2018/തസ്വഭവ തിരുവനന്തപുരം, തീയതി 28.06.2018

പരാമർശം :- 1) ദേശീയ തെരുവ് കച്ചവട സംരക്ഷണ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് രൂപീകരിച്ച സംസ്ഥാന തല ഉപദേശക സമിതി യോഗത്തിന്റെ 14.9.2017 ൽ ചേർന്ന യോഗത്തിലെ തീരുമാനം നമ്പർ 8

2) കുടുംബ ശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.01.2018 ലെ 4596-F-2012- KSHO നമ്പർ കത്ത്

**ഉത്തരവ്**

ദേശീയ തെരുവ് കച്ചവട സംരക്ഷണ നിയമം 2014 സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച യോഗത്തിൽ ഹാജരാകുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് (തൊഴിലാളി പ്രതിനിധികൾക്ക്) യാത്രാപടിയും ബത്തയും നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുവാൻ പരാമർശം (1) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ തെരുവ് കച്ചവട സംരക്ഷണ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച യോഗത്തിൽ ഹാജരാകുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് (തൊഴിലാളി പ്രതിനിധികൾക്ക് ) ഗ്രൂപ്പ് II ഓഫീസർമാരുടെ യാത്രാപടിയും ബത്തയും നൽകാവുന്നതാണ് എന്നും ഇതിനാവശ്യമായ ചെലവ് N.U.L.M-ന്റെ A&O.E ഘടകത്തിൽ നിന്നും നൽകാവുന്നതാണ് എന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ തെരുവ് കച്ചവട സംരക്ഷണ നിയമം 2014 സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച യോഗത്തിൽ ഹാജരാകുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് (തൊഴിലാളി പ്രതിനിധികൾക്ക് ) ഗ്രൂപ്പ് II

ഓഫീസർമാരുടെ യാത്രാപടിയും ബത്തയും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ ചെലവ് N.U.L.M-ന്റെ A&O.E ഘടകത്തിൽ നിന്നും വഹിക്കേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു. എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ദേശീയ തെരുവ് കച്ചവട സംരക്ഷണ നിയമം - സംസ്ഥാന തല ഉപദേശക സമിതിയിലെ എല്ലാ അംഗങ്ങൾക്കും ( കുടുംബ ശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ